**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5720** **08-07-2024 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളിൽ അഗ്നി സുരക്ഷാ സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ അഗ്നിസുരക്ഷാ സംവിധാനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ അഗ്നിസുരക്ഷാ സംവിധാനങ്ങൾ പ്രവർത്തനക്ഷമമാക്കുന്ന വിഷയം സർക്കാർ ഗൗരവത്തോടെ തന്നെ കാണുന്നു. ഇതിന്റെ ഭാഗമായി മെഡിക്കൽ കോളേജുകളിലെ അഗ്നി സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി Ensuring Fire & Safety guidelines in all Medical Colleges എന്ന ഒരു പ്രത്യേക സ്കീം തന്നെ ആവിഷ്കരിക്കുകയും പ്രസ്തുത സ്കീമിൽ പ്രത്യേകമായി തുക വകയിരുത്തി മെഡിക്കൽ കോളേജുകളിലെ അഗ്നിസുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. കൂടാതെ അഗ്നിസുരക്ഷയ്ക്കായി വാർഷിക ബഡ്ജറ്റിലെ റവന്യൂ / മൂലധന ശീർഷകങ്ങളിൽ ഉൾപ്പെടുത്തി അഗ്നിസുരക്ഷാ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും, പരിപാലിക്കുന്നതിനും മെഡിക്കൽ കോളേജുകൾക്കു തുക അനുവദിക്കുന്നുണ്ട്. മെഡിക്കൽ കോളേജുകളിലെ അഗ്നിസുരക്ഷാ സംവിധാനം കാര്യക്ഷമമാക്കുന്നതിനും, ബോധവത്കരണത്തിനുമായി വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും പരിശീലനവും, മോക്ക് ഡ്രില്ലുകളും കോളേജ് തലത്തിൽ നടത്തി വരുന്നു. അടിയന്തിര ഘട്ടങ്ങളിൽ ആദ്യ പ്രതികരണത്തിനായി ഒരു Quick response team രൂപീകരിച്ചിട്ടുണ്ട്. അഗ്നിസുരക്ഷാ നിയമപ്രകാരമുള്ള അഗ്നിസുരക്ഷാ സംവിധാനം പുതുതായി നിർമ്മിക്കുന്ന എല്ലാ കെട്ടിടങ്ങളിലും നിർബന്ധമായി നടപ്പിലാക്കി വരുന്നു. പുതിയ അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ നിലവിൽ |

| | | | |
|---|---|---|---|
| | | | **വരുന്നതിനു മുമ്പ് പണിത കെട്ടിടങ്ങളിൽ പുതിയ മാനദണ്ഡ പ്രകാരമുള്ള എല്ലാ സുരക്ഷാ ക്രമീകരണങ്ങളും സജ്ജമാക്കുക ശ്രമകരമാണ്. അതിനാൽ പഴയ കെട്ടിടങ്ങളിൽ അഗ്നിസുരക്ഷ ഉറപ്പാക്കിക്കൊണ്ടുള്ള ഉപകരണങ്ങൾ സ്ഥാപിക്കുകയും, സമയബന്ധിതമായി അഗ്നി ശമന ഉപകരണങ്ങളുടെ പരിപാലനവും, അറ്റകുറ്റപ്പണികളും നടത്തിവരികയും ചെയ്യുന്നു. അതോടൊപ്പം ഇതര ഏജൻസികളുടെ ധനസഹായത്തോടെ നിർമ്മിക്കുന്ന പുതിയ കെട്ടിടങ്ങളിൽ ഉൾപ്പെടെ അഗ്നിസുരക്ഷയ്ക്ക് ആവശ്യമായ ഫണ്ട് വകയിരുത്തുകയും, സുരക്ഷാ സജ്ജീകരണങ്ങൾ ഉറപ്പ് വരുത്തുകയും ചെയ്യുന്നു. അഗ്നിസുരക്ഷയുമായി ബന്ധപ്പെട്ട് പ്രത്യേക പരിശീലനം നേടിയവരും, സൈന്യത്തിൽ നിന്നും വിരമിച്ചവരുമായ ജീവനക്കാരെ സെക്യൂരിറ്റി ഓഫീസർമാരായി നിയമിക്കുകയും ഫയർ ആന്റ് സേഫ്റ്റി വിഭാഗത്തിന്റെ പരിപാലന ചുമതല ഏൽപ്പിക്കുകയും ചെയ്തു വരുന്നു. ഫയർ ആന്റ് സേഫ്റ്റി ട്രെയിനിംഗ് നേടിയ ജീവനക്കാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രികളിൽ അഗ്നിസുരക്ഷാ ഉപകരണങ്ങളുടെ സർവ്വീസിങ്ങും റീഫില്ലിങ്ങും കൃത്യമായി ചെയ്യുകയും രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. അഗ്നിസുരക്ഷാ ഉപകരണങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നത് ഇടയ്ക്കിടെ പരിശോധിക്കുകയും, ഫയർ എൻ ഒ സി വർഷം തോറും പുതുക്കി വരികയും ചെയ്യുന്നു. അതോടൊപ്പം Fire & safety Audit ഉം നടത്തി വരുന്നു.** |
| (ബി) | ഓരോ മെഡിക്കൽ കോളേജ് ആശുപത്രിയിലും സ്ഥാപിച്ചിട്ടുള്ള അഗ്നിസുരക്ഷാ ഉപകരണങ്ങളുടെ വിശദാംശങ്ങളും ഇതിനായി ചെലവഴിച്ച തുകയും വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ, അഗ്നീസുരക്ഷയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളും, ഇതിനായി ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.<br><br>* തിരുവനന്തപുരം, സർക്കാർ മെഡിക്കൽ കോളേജ്, എസ്.എ.റ്റി ആശുപത്രിക്ക് സമീപം നിർമ്മിച്ച 1Mother & Child ബ്ലോക്കിന് അഗ്നി സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തികൾക്കായി GO(Rt) 1015/2023/H&FWD dated 29/04/2023 പ്രകാരം കിഫ്ബി മുഖേന 1 കോടി 21 ലക്ഷംരൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എസ് എ.റ്റി ഗോൾഡൻ ജൂബിലി ബ്ലോക്കിലെ 3-ാം നിലയിലെ |

എയർകണ്ടീഷനിംഗ് യൂണിറ്റിന്റെയും അഗ്നിശമന യൂണിറ്റിന്റെയും സപ്ലൈ ഇൻസ്റ്റലേഷൻ ടെസ്റ്റിംഗ് ആന്റ് കമ്മീഷൻ ചെയ്യൽ എന്നിവയ്ക്കായി 43 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഫാർമസ്യൂട്ടിക്കൽ സയൻസ് ലേഡീസ് ഹോസ്റ്റലിലെ അഗ്നിസുരക്ഷാ പ്രവർത്തികൾക്കായി 9 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മാസ്റ്റർ പ്ലാനിനായി സർക്കാർ ഭരണാനുമതി ലഭ്യമാക്കിയ 717 കോടി രൂപയിൽ പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ അഗ്നിസുരക്ഷയ്ക്കുള്ള തുക കൂടെ ഉൾപ്പെടുന്നു. നിലവിൽ അഗ്നിസുരക്ഷയ്ക്കുള്ള ഉപകരണങ്ങൾ സ്ഥാപിച്ചതിന് ചിലവായ തുക സംബന്ധിച്ച വിവരം ചുവടെപ്പറയുന്നു.

1. Electric driven Fire pump —Rs. 292364.71

2. diesel engine driven pump — Rs. 535629.27

3. Hose reel —Rs. 77983.10

4. Non return valve — Rs. 29536.50

5. Butterfly valve — Rs. 8047.73

6. Springler —

a. Pententedente — Rs. 12368.20

b. Horizontal side wall — Rs. 17068.80

7. Hydrant valve —Rs. 54938.20

8. Fire escape route map — Rs. 2243

9. Fire detection and Alarm system — Rs. 542424

10. public addres system — Rs. 59986.68

11. Top back system — Rs. 115042.56

12. ABC type fire extinguisher — Rs. 34227.50

13. Dial type pressureguage — Rs. 979.67

14. C class pipe (MS pipe) —Rs. 49497.50

* കൊല്ലം സർക്കാർ മെഡിക്കൽ കോളേജ്, ഇ. എസ്. ഐ യിൽ നിന്നും ഏറ്റെടുക്കുന്ന സമയത്തുതന്നെ അഗ്നിസുരക്ഷാ ഉപകരണങ്ങൾ കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുണ്ടായിരുന്നു.

* കോന്നി സർക്കാർ മെഡിക്കൽ കോളേജിൽ സ്പ്രോക്ക് ടിറ്റക്ലറുകൾ, ഫയർ അലാം സിസ്റ്റം എന്നീ

സംവിധാനങ്ങൾ 3 കോടി 30 ലക്ഷം രൂപ ചെലവിൽ സജ്ജീകരിച്ചിട്ടുണ്ട്.

* ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ Fire Extinguisher pressurised type Extinguisher CO2 typeഎന്നിവ വാങ്ങുന്നതിനായി Rs. 651397/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി ഉപകരണങ്ങൾ റീഫിൽ ചെയ്യുന്നതിനായി നാളിതുവരെ Rs. 98196/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

* കോട്ടയം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ Fire Extinguisher കൾ വാങ്ങുന്നതിന് എച്ച് ഡി എസ് ഫണ്ടിൽ നിന്ന് 9.5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. മറ്റു സംവിധാനങ്ങൾ പി ഡബ്ല്യൂഡി മുഖേനയാണ് സ്ഥാപിച്ചിട്ടുള്ളത്. കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ പുതുതായി നിർമ്മിക്കുന്ന സർജിക്കൽ ബ്ലോക്കിലെ അഗ്നിസുരക്ഷയുമായി ബന്ധപ്പെട്ട ഫയർ ഫൈറ്റിംഗ് ജോലികൾക്കായി 4 കോടി 22 ലക്ഷം രൂപയുടെ ഭരണാനുമതി കിഫ്ബി മുഖേന ലഭ്യമാക്കിയിട്ടുണ്ട്. സർജിക്കൽ ബ്ലോക്കിലെ Fire Fittingപ്രവർത്തികൾ പൂർത്തീകരണഘട്ടത്തിലാണ്.

* ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിലെ റസിഡൻഷ്യൽ ഫെസിലിറ്റീസിലെ Fire Fitting പ്രവർത്തികൾക്കായി Rs.89,79,350/- രൂപയുടെ സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്. അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

* എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ അഗ്നിശമന ഉപകരണങ്ങളുടെ സ്ഥാപിക്കൽ / നവീകരണ പ്രവർത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.ജി.ഐ.സി.ക്ലാസ് പൈപ്പുകളുടെ വിതരണം, സ്ഥാപിക്കൽ, പരിശോധന, കമ്മീഷൻ ചെയ്യൽ - Rs. 3240350/-

2. ബട്ടർഫ്ലൈ വാൽവ് - Rs.81421/-

3. നോൺ റിട്ടേൺ വാൽവ് - Rs.51848/-

4. ഗൺ മെറ്റൽ ഹൈഡ്രന്റ് വാൽവ് - Rs. 205854/-

5. ഗൺ മെറ്റൽ ബ്രാഞ്ച് പൈപ്പ് - Rs. 70920/-

6. സ്മോക്ക് ഡിറ്റക്ടറുകൾ - Rs. 620550/-

7. 15 മീറ്റർ നീളമുള്ള ഹോസ് - Rs. 336700/-

8. 30 മീറ്റർ നീളമുള്ള ഹൈഡ്രോളിക് ഹോസ് - Rs 591000/-

9. ഹോസ് കാബിനറ്റ് - Rs 30732/-

10. ഡബിൾ ഹോസ് കാബിനറ്റ് - Rs 33490/-

11. ഫയർബ്രിഗേഡ് ഇൻലെറ്റ് -Rs . 35460/-

12. ഫയർ അലാറം ബാറ്ററി - Rs . 99840/-

13. ഫയർ അലാറം നിയന്ത്രണ പാനൽ - Rs 130020/-

14. മാന്വൽ കോൾ പോയിന്റ് -Rs. 4920/-

15. ഇലക്ട്രോണിക് ഹൂട്ടർ - Rs. 9850/-

* തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിന് 2023-24 സാമ്പത്തിക വർഷത്തിൽ Ensuring Fire and Safety Guidelinesഎന്ന സ്കീമിൽ ഉൾപ്പെടുത്തി 1.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുകയ്ക്ക് അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ നെഞ്ചുരോഗ ആശുപത്രി കെട്ടിടത്തിൽ അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിന് 32 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തി പുരോഗമിച്ചു വരുന്നു. തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലെ Mother & Child Block ന്റെ fire fitting പ്രവർത്തികൾക്കായി കിഫ്ബി മുഖേന 8 കോടി 59 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെ fire fitting പ്രവർത്തികൾക്കായി കിഫ്ബി മുഖേന 4 കോടി 25 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് അഗ്നിസുരക്ഷാ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാകും.

* മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിന് GO(Rt) 2575/2018/H&FWD dated 18/05/2018 പ്രകാരം 1 കോടി രൂപ ചെലവഴിച്ച് എ ബ്ലോക്കിൽ fire&fitting system സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കി. ബി, സി ബ്ലോക്കുകളിൽ fire & fitting system സ്ഥാപിക്കുന്നതിനായി GO (Rt) 1542/2022/H&FWD dated27/06/2022 പ്രകാരം 80 ലക്ഷം രൂപയുടെ ഭരണാനുമതിസർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അതോടൊപ്പം മഞ്ചേരി മെഡിക്കൽ കോളേജിൽ ഫയർ സിസ്റ്റം പ്രവർത്തിക്കുന്നുണ്ട്. CO2 4.5 Kg Fire Extinguisher – 5, DCP 5 Kg fire extinguisher-12, ABC 6 Kg fire extinguisher-20 എന്നിവയും എ

| | | | |
|---|---|---|---|
| | | | ബ്ലോക്കിൽ Fixed fire fitting system ഉം സ്ഥാപിച്ചിട്ടുണ്ട്.<br><br>* കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ CO2 type Fire Extinguisher (4.5 Kg)-123 Nos, DCP type fire extinguisher (5 Kg) എന്നിവ സ്ഥാപിച്ചിട്ടുണ്ട്. Fire extinguisher വാങ്ങുന്നതിനായി Rs. 2,01,568/- രൂപയും ഇവ റീഫിൽ ആന്റ് സർവ്വീസ് ചെയ്യുന്നതിനായി Rs. 1,33,757/- രൂപയും ചെലവഴിച്ചിട്ടുണ്ട്. മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ CO2 type Fire Extinguisher (4.5 Kg)- 50 Nos. 12 വർഷം മുമ്പ് സ്ഥാപിച്ച് പരിപാലിച്ച് പോരുന്നവയാണ്. കോഴിക്കോട് നെഞ്ചുരോഗ ആശുപത്രിയിൽ അഗ്നിസുരക്ഷാ സംവിധാനങ്ങളായFire Extinguisher, Fire hydrant system എന്നിവ കാസ്പ് ഫണ്ടിൽ നിന്നും 3 ലക്ഷം രൂപ ചെലവിൽ സ്ഥാപിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ പുതിയ ഒ പി ബ്ലോക്കിലെ Fire Fitting പ്രവർത്തികൾക്കായി കിഫ്ബി മുഖേന 7 കോടി 55 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്.<br><br>* കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ GO(Rt)181/2020/H&FWD dated 24/01/2020 പ്രകാരം കിഫ്ബി മുഖേന 8 കോടി രൂപ Fire Fitting സംവിധാനം നടപ്പിലാക്കുന്നതിന് വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ പണി പുരോഗമിച്ചു വരികയാണ്. നിലവിൽ Fire Extinguisher പ്രവർത്തിക്കുന്നു. Watter Springler, Smoke detector, Hose real തുടങ്ങിയ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള Fire Fighing സംവിധാനം നടപ്പിലാക്കുന്ന പ്രവർത്തി നടന്നു വരുന്നു.<br><br>* കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിലെ ഹോസ്പിറ്റൽ ബ്ലോക്കിൽ Fire Fitting ജോലികൾക്കായി 4 കോടി 97 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്.<br><br>* അതോടൊപ്പം 2024-25 സാമ്പത്തിക വർഷത്തിലെ Ensuring fire and Safety guidelines എന്ന സ്കീമിൽ 1. 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ 50 ലക്ഷം രൂപ വീതം എറണാകുളം, മഞ്ചേരി, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകൾക്ക് വകയിരുത്തിയിട്ടുണ്ട്. |
| (സി) | മേൽപ്പറഞ്ഞ അഗ്നിസുരക്ഷാ ഉപകരണങ്ങളിൽ ഓരോ മെഡിക്കൽ കോളേജുകളിലും പ്രവർത്തനക്ഷമമായതും അല്ലാത്തതുമായത് ഏതൊക്കെയെന്ന് വ്യക്തമാക്കുമോ? | (സി) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തനക്ഷമമായ അഗ്നിസുരക്ഷാ ഉപകരണങ്ങൾ -<br><br>1. Electric driven Fire pump<br><br>2. Diesel engine driven pump |

3. Hose reel

4. Non return valve

5. butterfly valve

6. Springler

7. Hydrant valve

8. Fire escape route map

9. Fire detection and Alarm system

10. public addres system

11. Top back system

12. ABC type fire extinguisher

13. Dial type pressureguage

14. C Class pipe (MS pipe)

* കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ സ്ഥാപിച്ചിട്ടുള്ള അഗ്നിസുരക്ഷാ ഉപകരണങ്ങളിൽ പ്രവർത്തനക്ഷമമായിട്ടുള്ളത്

* Fire Alarm System (Smoke Detection).

* Fire Extinguisher Fire hydrants with sprinklers, Pump Room എന്നിവ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

* കോന്നി സർക്കാർ മെഡിക്കൽ കോളേജിൽ സ്മോക്ക് ഡിറ്റക്ടറുകൾ, ഫയർ അലാറം പാനൽ, ഫയർ എക്സ്റ്റിംഗ്വിഷർ, പബ്ലിക് അഡ്രസ് സിസ്റ്റം എന്നിവ പൂർണ്ണമായി പ്രവർത്തന സജ്ജമാണ്. സ്പ്രിംഗ്ലറുകൾ, ഫയർ ഹൈഡ്രന്റ് സിസ്റ്റം എന്നീ സംവിധാനങ്ങൾ പൂർണ്ണമായി പ്രവർത്തന ക്ഷമമാക്കുന്നതിന് ആവശ്യമായ ഫയർ പമ്പ് റൂമിന്റെ നിർമ്മാണം ഫേസ് ടു കൺസ്ട്രക്ഷന്റെ ഭാഗമായി ദ്രുതഗതിയിൽ നടന്നു വരുന്നു.

* ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ മെയിൻ ബ്ലോക്ക്, സൂപ്പർ സൌഷ്യാലിറ്റി ബ്ലോക്ക് എന്നിവിടങ്ങളിൽ Fire Extingisherപ്രവർത്തിക്കുന്നുണ്ട്. Hydraulic, Hose reel, Springler and Surround detection, Public addressing system എന്നിവയും സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ പ്രവർത്തിക്കുന്നുണ്ട്. Hydraulic, Hose reel, Springler and surround detection, Public addressing system എന്നീ സംവിധാനങ്ങൾ മെയിൻ ബ്ലോക്ക്, old block

എന്നിവിടങ്ങളിൽ പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

* കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ള അഗ്നിസുരക്ഷാ ഉപകരണങ്ങൾ എല്ലാം പ്രവർത്തനക്ഷമമാണ്.

* ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിൽ അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

* എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ 100 എച്ച് പി മെയിൻ പമ്പ് സെറ്റ് -1 എണ്ണം, 15 എച്ച് പി ജോക്കി പമ്പ് സെറ്റ് - 1 എണ്ണം, 95 എച്ച് പി ഡീസൽ എൻജിൻ പമ്പ് സെറ്റ് - 1 എണ്ണം, ഫയർ ഹൈഡ്രന്റ് സിസ്റ്റത്തിൽ ഹോസ് റീൽ - 48 എണ്ണം, ഹോസ് ബോക്സ് -9 എണ്ണം, ഹൈഡ്രന്റ് വാൽവ് -1 0 എണ്ണം, ഫയർ ഫൈറ്റിങ്ങ് ഹോസ് - 40 എണ്ണം, സ്മോക്ക് ഡിറ്റക്ടറുകൾ - 300 എണ്ണം, ഫയർ അലാറം പാനൽ -10 എണ്ണം, ഫയർ എക്സ്റ്റിംഗ്വിഷർ -230 എണ്ണം എന്നിവ പ്രവർത്തിക്കുന്ന. ഫയർ ഹൈഡ്രന്റ് സിസ്റ്റത്തിൽ ഹൊസ് റീൽ - 2 എണ്ണം, ഹോസ് ബോക്സ് -1 എണ്ണം, ഹൈഡ്രന്റ് വാൽവ് -2 എണ്ണം, ഫയർ ഫൈറ്റനിംഗ് ഹോസ് - 5 എണ്ണം, സ്മോക്ക് ഡിറ്റക്ടറുകൾ - 50 എണ്ണം, ഫയർ അലാറം പാനൽ -4 എണ്ണം, ഫയർ എക്സ്റ്റിംഗ്വിഷർ -20 എണ്ണം എന്നിവ നിലവിൽ പ്രവർത്തിക്കുന്നില്ല. ടി ഉപകരണങ്ങൾ നവീകരിക്കുന്നതിനുള്ള പ്രവർത്തികൾ 94 ലക്ഷം രൂപ ചെലവിൽ പൊതുമരാമത്ത് വിഭാഗം നടത്തി വരുന്നു.

* തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി കെട്ടിടത്തിൽ അഗ്നിസുരക്ഷാ സംവിധാനങ്ങളിൽ Fire Hydrent Systemപൂർണ്ണമായും Fire Alarm, Springler എന്നിവ ഭാഗികമായും പ്രവർത്തിക്കുന്നു

* മഞ്ചേരി മെഡിക്കൽ കോളേജിൽ ബ്ലോക്ക് 2 ൽ Fire Systemപ്രവർത്തിക്കുന്നുണ്ട്. കൂടാതെ CO2 4.5 Kg Fire Extinguisher-5, DCP 5 Kg Fire Extinguisher-12, ABC 6 Kg Fire Extinguisher-20 എന്നിവയും പ്രവർത്തിക്കുന്നുണ്ട്. ആശുപത്രി എ ബ്ലോക്കിൽ Fixed fire fitting systemവും പ്രവർത്തിക്കുന്നുണ്ട്. ബ്ലോക്ക് 1 ൽ Fire System പ്രവർത്തിക്കുന്നില്ല.

* കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ള അഗ്നിസുരക്ഷാ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാണ് CO2 type Fire Extinguisher-(4.5Kg) -123 Nos,, DCP type Fire Extinguisher (5 Kg)-13 Nos, Fire Extinguisher എന്നിവ പ്രവർത്തിക്കുന്നു.

| | | | |
|---|---|---|---|
| | | | *കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ Fire Extinguisher പ്രവർത്തിച്ചുവരുന്നു. വാട്ടർ സ്പ്രിംഗ്ലർ, സ്മോക്ക് ഡിറ്റക്ടർ ഹോസ് റീൽ തുടങ്ങിയ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ഫയർ ഫൈറ്റിംഗ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ